**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5650** **24-03-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. **കെ-സ്റ്റോർ**<br><br>24 കെ-സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>2. **വിശപ്പ് രഹിത കേരളം പദ്ധതി**<br><br>ടി പദ്ധതിയുടെ ഭാഗമായി മാവേലിക്കര നിയോജക മണ്ഡലത്തിൽ ഒരു സുഭിക്ഷാ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ 2022 മെയ് മാസത്തിലാണ് ഈ ഹോട്ടൽ ആരംഭിച്ചത്.<br><br>3. **ഒപ്പം പദ്ധതി**<br><br>ഓട്ടോ തൊഴിലാളികളുടെ സഹായത്തോടെ കിടപ്പ് രോഗികൾക്ക് സൗജന്യമായി റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്ന "ഒപ്പം പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കുമോ; | (ബി) | മാവേലിക്കര മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **കെ-സ്റ്റോറുകൾ നടപ്പിലാക്കിയ പഞ്ചായത്തുകൾ**<br><br>തെക്കേക്കര (3 എണ്ണം), ചുനക്കര (1 എണ്ണം), നൂറനാട് (2 എണ്ണം), വള്ളിക്കുന്നം (3 എണ്ണം), മാവേലിക്കര മുനിസിപ്പാലിറ്റി (1 എണ്ണം), ചെട്ടിക്കുളങ്ങര (2 എണ്ണം), തഴക്കര (7 എണ്ണം), ഭരണിക്കാവ് (1 എണ്ണം), താമരക്കുളം (2 എണ്ണം), പാലമേൽ (1 എണ്ണം), ചെന്നിത്തല തൃപ്പെരുന്തുറ (1 എണ്ണം).<br><br>2. **വിശപ്പ് രഹിത കേരളം പദ്ധതി** |

| | | | |
|---|---|---|---|
| | | | ടി പദ്ധതിയുടെ ഭാഗമായി മാവേലിക്കര മുനിസിപ്പാലിറ്റിയിൽ ആരംഭിച്ച "സുഭിക്ഷാ ഹോട്ടൽ" തുടങ്ങുന്നതിനും സബ്സിഡിയിനത്തിലുമായി നാളിതുവരെ 12,49,655/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>3. **<u>ഒപ്പം പദ്ധതി</u>**<br><br>പ്രസ്തുത പദ്ധതി താമരക്കുളം പഞ്ചായത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്.<br><br>4.**<u>സുജലം പദ്ധതി</u>**<br><br>റേഷൻ കടകൾ വഴി 10/- രൂപയ്ക്ക് കുപ്പി കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചു. |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ? | (സി) | കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ഒന്നും നിലവിലില്ല എന്നാൽ റേഷൻ വിതരണം കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടുകൂടിയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ